പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 980.

12.6..2014 ൽ
മറുപടിക്ക്.

## അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം

ചോദ്യം

ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ. ആർ. സെൽവരാജ്.

മറുപടി

ശ്രീ. പി. കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഈയിടെ അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട്. 2014 ജനുവരി 3,4,5 തീയതികളിൽ തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് നടത്തിയിരുന്നു. |
| (ബി) | സമ്മേളനത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്തത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | ഇതര ദേശവ്യാപക വിദ്യാഭ്യാസത്തെക്കുറിച്ചായിരുന്നു സമ്മേളനം. ഓപ്പൺ എഡ്യൂക്കേഷൻ - ഇ-ലേണിങ് ആന്റ് മാസീവ് ഓൺലൈൻ ഓപ്പൺ കോഴ്സ്, ക്രെഡിറ്റ് ട്രാൻസ്ഫറും ഇതരദേശ വ്യാപക വിദ്യാഭ്യാസവും, ക്ലാസ് മുറികളിൽ നടപ്പിലാക്കാവുന്ന വൈവിദ്ധ്യങ്ങൾ,ഉന്നത വിദ്യാഭ്യാസ രംഗത്തെ നിലവാരം ഉറപ്പു വരുത്തുന്നതെങ്ങനെ, ആഗോളവൽകൃത സമൂഹത്തിൽ ഗുണനിലവാര മാനദണ്ഡങ്ങൾ അനുസരിച്ച് ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളെ വിലയിരുത്തുന്നതെങ്ങനെ, ഇതരദേശ വിദ്യഭ്യാസം കേരളത്തിൽ സ്വീകാര്യമാണോ, ഇതരദേശ വിദ്യാഭ്യാസത്തിൽ സ്വകാര്യ മേഖലയ്ക്കുള്ള പങ്ക് എന്നിവയായിരുന്നു പ്രധാനമായും ചർച്ച ചെയ്തത്. |
| (സി) | സമ്മേളനത്തിൽ എന്തെല്ലാം കാര്യങ്ങൾ അംഗീകരിച്ചു ; വിശദമാക്കാമോ ; | (സി) | അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ് വന്ന പ്രധാന ആശയങ്ങൾ തിരുവനന്തപുരം പ്രഖ്യാപനം എന്ന പേരിൽ അംഗീകരിച്ചിരുന്നു. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

| | | | |
|---|---|---|---|
| (ഡി) | എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ഡി) | തിരുവനന്തപുരം പ്രഖ്യാപനത്തിന്റെ പകർപ്പ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ, സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരുവനന്തപുരം പ്രഖ്യാപനത്തിന്റെ പകർപ്പ് അയച്ചു കൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ